പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5402** **28.07. 2015-** ലെ മറുപടി

## പ്രവാസികളുടെ പുനരധിവാസം

ചോദ്യം

ശ്രീ. എം. ഹംസ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

| ചോദ്യം | ഉത്തരം |
|---|---|
| എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും നിതാഖത് മുഖേന തൊഴിൽ നഷ്ടമായി നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസ പാക്കേജിൽ നിന്നും സർക്കാർ പിൻവാങ്ങുന്ന എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) സബ്സിഡിയോടെയുള്ള സ്വയംതൊഴിൽ വായ്പയ്ക്കായി എത്ര ആളുകൾ അപേക്ഷിച്ചിരുന്നു എന്ന കണക്ക് ലഭ്യമാണോ; അപേക്ഷിച്ച 90% പേർക്കും വായ്പാ ധനസഹായം ലഭ്യമാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതി പരിഹരിക്കുന്നതിനായി വായ്പാമേള ഉൾപ്പെടെ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) സബ്സിഡിയോടെയുള്ള സ്വയം തൊഴിൽ വായ്പയ്ക്കായി അപേക്ഷിച്ച 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7218 അപേക്ഷകരിൽ 6758 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കാൻ ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി സഹകരിക്കുന്ന കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ കൂടുതൽ ബാങ്കുകളെ കൂടി പദ്ധതിയുമായി സഹകരിപ്പിക്കുന്നതിനായി ചർച്ചകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

16